**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5868** **08-07-2024 - ൽ മറുപടിയ്ക്ക്**

**കുരാച്ചുണ്ട് സബ്ട്രഷറി നിർമ്മാണത്തിനുള്ള ഭൂമി കൈമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കുരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ സ്വകാര്യ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കുരാച്ചുണ്ട് സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ ഭൂമി ധന വകുപ്പിന് വിട്ടുനൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (എ) | ഇല്ല. കുരാച്ചുണ്ട് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കൊയിലാണ്ടി താലൂക്കിലെ കുരാച്ചുണ്ട് വില്ലേജിൽ അത്യോടി ദേശത്ത് 6 സെന്റ് ഭൂമി സബ് ട്രഷറി നിർമ്മാണത്തിനായി വിട്ട് നൽകുന്നത് സംബന്ധിച്ച വിഷയത്തിൽ അഭിപ്രായം ലഭ്യമാക്കുന്നതിലേയ്ക്കായി ഫയൽ റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്. പ്രസ്തുത വകുപ്പിൽ നിന്നും മറുപടി ലഭ്യമാകുന്ന മുറയ്ക്ക് നിയമ വകുപ്പിന്റെ അഭിപ്രായം കൂടി ലഭ്യമാക്കി പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ